**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2425** **12-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ആദ്യ ഘട്ടമായാണ് വൈവിദ്ധ്യവത്കരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>**<u>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്</u>.**<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.<br><br>കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുജന സേവന കേന്ദ്രം, സപ്ലൈകോയുടെ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലകളിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകൾ വീതം |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്; കെ-സ്റ്റോർ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ ഏതെല്ലാം റേഷൻഷോപ്പുകളിലാണ് കെ-സ്റ്റോർ അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ? | (സി) | |

| ക്രമ നം. | താലൂക്ക് | പഞ്ചായത്ത് | റേഷൻകട നമ്പർ |
|---|---|---|---|
| 1 | കൊയിലാണ്ടി | ചെറുവണ്ണൂർ | 100 |
| 2 | കൊയിലാണ്ടി | അത്തോളി | 242 |
| 3 | താമരശ്ശേരി | ഓമശ്ശേരി | 28 |

സെക്ഷൻ ഓഫീസർ